**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1826** **08-02-2023 - ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പെട്ട മേഖലകളെ പ്രധാന റൂട്ടുകളുമായി ബന്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ആരംഭിച്ച ഫീഡർ സർവ്വീസുകളിൽ കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ എത്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ ഫീഡർ സർവ്വീസുകളൊന്നും ആരംഭിച്ചിട്ടില്ല. |
| (ബി) | ജീവനക്കാരുടെ കുറവുമൂലം പ്രസ്തുത നിയോജക മണ്ഡലത്തിൽ നിർത്തലാക്കിയ ബസ്സ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ സമഗ്രപുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കും. കൂടാതെ നിന്നുപോയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഗ്രാമവണ്ടി പദ്ധതി പ്രകാരം ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കുവാൻ കഴിയുന്നതാണ്. സുഗമമായ സർവ്വീസ് നടത്തിപ്പിനായി ആവശ്യമുള്ള ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്. |
| (സി) | ചാക്ക - കരിക്കകം - ആക്കുളം - സ്റ്റേഷൻകടവ് - പള്ളിത്തുറ റൂട്ടിൽ പാർവ്വതി പുത്തനാറിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | തിരുവനന്തപുരം ജില്ലയിൽ വേളിയിൽ നിന്നും കഠിനംകുളം - പാർവ്വതി പുത്തനാർ-പൂളിമൂട്ടിൽ കടവ് വരെ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസ് ആരംഭിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി 24/08/2022 ന എം.എൽ.എ യും പാത കടന്നു പോകുന്ന പഞ്ചായത്തിലെ പ്രസിഡന്റുമാർ മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർക്കുകയും പ്രസ്തുത യോഗത്തിൽ സ്റ്റേഷൻ ഓഫീസ് നിർമ്മിക്കുന്നതിന് വേളിയിൽ യൂത്ത് |

| | | | |
|---|---|---|---|
| | | | സെന്ററിനടുത്തുള്ള 60 സെന്റ് സർക്കാർ ഭൂമി ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെടണമെന്നു തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ജലഗതാഗത വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.<br><br>പ്രസ്തുത ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് വേളി, അബ്ദുൾകലാം പാർക്ക്, സ്റ്റേഷൻ കടവ് പാലം, സെന്റ് ആൻഡ്രൂസ് പാലം, കഠിനംകുളം പോലീസ് സ്റ്റേഷൻ, പുളിമൂട്ടിൽ കടവ്, വേളി വിക്രംസാരാഭായ് സ്പേസ് സെന്റർ പാലത്തിനു സമീപം എന്നിവിടങ്ങളിൽ ഫ്ലോട്ടിംഗ് ബോട്ട് ജെട്ടികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ ഡയറക്ടർ, ചീഫ് എൻജിനീയർ (ഇറിഗേഷൻ) സംസ്ഥാന ജലഗതാഗത വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം വീണ്ടും വിളിച്ചു ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ